# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2019 ഡിസംബർ 06 വെള്ളി**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**


<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 2

## ജില്ലാ കേരളോത്സവം കലാമത്സരങ്ങൾക്ക് ഇന്ന് തുടക്കം

തൃശൂർ ജില്ലാ കേരളോത്സവം കലാ മത്സരങ്ങൾ ഇന്നും നാളെയുമായി (7, 8) നഗരത്തിലെ വിവിധ വേദികളിൽ അരങ്ങേറും. കലാ മത്സരങ്ങളുടെ ഉദ്ഘാടനം ഇന്ന് രാവിലെ 10 ന് ഗവ ചീഫ് വിപ്പ് അഡ്വ കെ രാജൻ ഉദ്ഘാടനം ചെയ്യും. ബാനർജി ക്ലബ്ബിൽ നടക്കുന്ന പരിപാടിയിൽ തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് അധ്യക്ഷയാകും. യുവജന ക്ഷേമ ബോർഡ് വൈസ് ചെയർമാൻ പി ബിജു, സിനി ആർട്ടിസ്റ്റ് ജെസ്നിയ ജയദീഷ് എന്നിവർ മുഖ്യാതിഥികളാവും. ജില്ലാ പഞ്ചായത്തും യുവജന ക്ഷേമ ബോർഡും സംയുക്തമായി സംഘടിപ്പിക്കുന്ന ജില്ലാ കേരളോത്സവത്തിന് വർഷങ്ങൾക്ക് ശേഷമാണ് തൃശൂർ നഗരം ആതിഥ്യമരുളുന്നത്. ജില്ലയിലെ 16 ബ്ലോക്ക് പഞ്ചായത്തുകളും, 7 മുനിസിപ്പാലിറ്റി കൾ, കോർപറേഷൻ എന്നിവിടങ്ങളിൽ മത്സരിച്ച് വിജയികളായവരാണ് ജില്ലാ കേരളോത്സവത്തിൽ മാറ്റുരക്കുക. 7 വേദികളിലായി 59 ഇനങ്ങളി ലാണ് കലാ മത്സരങ്ങൾ നടക്കുക. 2254 പേർ മത്സരങ്ങളിൽ പങ്കെടുക്കും. മത്സരാർത്ഥികൾ അതാത് വേദികളിൽ രാവിലെ 8.30 ന് തന്നെ എത്തി ചേർന്ന് രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കണം എന്ന് സംഘാടകർ അറിയിച്ചു. ഫോട്ടോ പതിച്ച എൻട്രി പാസും ഐഡന്റിറ്റി കാർഡും ഹാജരാക്കണം. ഡിസംബർ 8 ന് നടക്കുന്ന സമാപന സമ്മേളനം മന്ത്രി പ്രൊ സി രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്യും. സിനി ആർട്ടിസ്റ്റ് അപർണ ബാലമുരളി മുഖ്യാതിഥിയാകും. ഇന്ന് വേദി 1 വിവേകോദയം സ്കൂളിൽ തിരുവാതിര കളി, നാടോടി നൃത്തം സിംഗിൾ, ഗ്രൂപ്പ്, സംഘനൃത്തം, മാർഗംകളി, മൈം എന്നിവ അരങ്ങേറും. ബാനർജി ക്ലബ്ബിൽ മിമിക്രി മോണോ ആക്ട്, കഥാപ്രസംഗം എന്നിവയും, മോഡൽ ഗേൾസ് ഹയർ സെക്കന്ററി ബ്ലോക്കിൽ വിവിധ ക്ലാസ്സ് മുറികളിൽ കഥക്, ഓട്ടൻതുള്ളൽ, ക്വിസ്, മൈലാഞ്ചി ഇടൽ, പുഷ്പാലങ്കാരം, കളിമൺ ശില്പ നിർമാണം, എന്നിവയും ഹൈസ്കൂളിൽ മോഹിനിയാട്ടം, ഭരതനാട്യം, കുച്ചുപ്പുടി, കേരളനടനം എന്നിവയും നടക്കും. മോഡൽ ബോയ്സ് സ്കൂളിൽ വയലിൻ പാശ്ചാത്യം, പൗരസ്ത്യം, ഗിറ്റാർ, സിത്താർ, ഫ്ളൂട്ട്, വീണ, ഹാർമോണിയം, തബല, മൃദംഗം എന്നിവയും അരങ്ങേറും.

## അസംഘടിത തൊഴിലാളികൾക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി പുതിയ പങ്കാളിത്ത പെൻഷൻ പദ്ധതി നിലവിൽ വന്നു. പ്രധാൻമന്ത്രി ശ്രംയോഗി മാൻ-ധൻ യോജനാ അഥവാ പിഎംഎസ്വൈഎം എന്നതാണ് പദ്ധതിയുടെ പേര്. 18 മുതൽ 40 വയസ്സ് വരെ പ്രായമുള്ളവർക്ക് അപേക്ഷിക്കാവുന്ന താണ് പദ്ധതി. പ്രതിമാസം 15000 രൂപയോ അതിൽ കുറവോ വരുമാനമുള്ളവർക്ക് പദ്ധതിയിൽ അംഗമാകാം. അംഗങ്ങൾക്ക് 60 വയസ്സിനു ശേഷം വിരമിക്കുമ്പോൾ പ്രതിമാസം കുറഞ്ഞത് 3000

രൂപ പെൻഷൻ ലഭിക്കുന്ന പദ്ധതിയാണിത്. കൂടാതെ തൊഴിലാളി മരണപ്പെട്ടാൽ ആളുടെ പങ്കാളിക്ക് (ഭാര്യ/ഭർത്താവ്) പെൻഷൻ തുകയുടെ 50% കുടുംബ പെൻഷൻ ആയി ലഭിക്കും. പദ്ധതിയിൽ അംഗമാകുന്ന തൊഴിലാളിയുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും പ്രതിമാസ വിഹിതം സ്വമേധയാ പദ്ധതിയിലേക്ക് വക മാറ്റപ്പെടും. തൊഴിലാളി വിഹിതത്തിന് തുല്യമായ തുക കേന്ദ്ര സർക്കാർ വിഹിതമായും തൊഴിലാളിയുടെ പെൻഷൻ അക്കൗണ്ടിലേക്ക് ലഭിക്കും. തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ ഉൾപ്പെടെയുള്ള സ്വയം സഹായ സംഘം അംഗങ്ങൾ, അങ്കണവാടി ജീവനക്കാർ, ആശാ വർക്കേഴ്സ്, വഴി വാണിഭക്കാർ, സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി തൊഴിലാളികൾ, ചുമട്ടു തൊഴിലാളികൾ, ബീഡി, ഇഷ്ടിക കളം, കാർഷിക മേഖല, കൈത്തറി മേഖല, കെട്ടിട നിർമാണ മേഖല, ഗാർഹിക മേഖല, തയ്യൽ, തൊഴിലാളികൾ, ചെരുപ്പുകുത്തികൾ, സ്വയം തൊഴിൽ സംരംഭകർ, ചെറുകിട കച്ചവടക്കാർ, മറ്റു അസംഘടിത മേഖലയിലെ തൊഴിലാളികൾ എന്നുവർക്കൊക്കെ ഈ പദ്ധതിയിൽ അംഗമാകാം.

18 മുതൽ 40 വയസ്സ് വരെ കാലയളവിൽ പദ്ധതിയിൽ ചേരുകയും 60 വയസ്സ് പൂർത്തിയാകുന്നത് വരെ തുടർച്ചയായി പ്രതിമാസ വിഹിതം ഒടുക്കുന്നവർക്കമാത്രമാണ് 60 വയസ്സിനു ശേഷം പെൻഷൻ ലഭിക്കുക. ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ അഥവാ എൽഐസിയാണ് പദ്ധതി ഫണ്ട് മാനേജർ. പെൻഷൻ വിതരണത്തിന്റെ ചുമതലയും എൽ ഐ സിക്കാണ്. ആധാർ കാർഡും സേവിങ്സ് ബാങ്ക് അല്ലെങ്കിൽ ജൻധൻ അക്കൗണ്ട് വിവരങ്ങളുമായി അക്ഷയ പോലുള്ള പൊതുജന സേവന കേന്ദ്രങ്ങളെ സമീപിച്ച് പദ്ധതിയിൽ രജിസ്റ്റർ ചെയ്യാം. നൽകുന്ന വിശദാംശങ്ങൾ വെബ്സൈറ്റ് സംവിധാനം പരിശോധിച്ച് പ്രതിമാസം ഒടുക്കേണ്ട ഗുണഭോക്തൃ വിഹിതം എത്രയെന്നു അറിയിക്കും. ആദ്യ ഗഡു പണമായി നൽകണം. രജിസ്ട്രേഷൻ കഴിഞ്ഞാൽ ലഭിക്കുന്ന ഓട്ടോ ഡെബിറ്റ് മാൻഡേറ്റ് ഫോറം സ്വയം സാക്ഷ്യപ്പെടുത്തി നൽകണം. ഇതിനു ശേഷം ശ്രംയോഗി മാൻധൻ അക്കൗണ്ട് നമ്പറും പെൻഷൻ കാർഡും ലഭിക്കും. തൊട്ടടുത്ത മാസ മുതൽ ഗുണഭോക്താവിന്റെ പദ്ധതി വിഹിതം ജൻധൻ അക്കൗണ്ടിൽ നിന്നും സ്വമേധയ അടവാകും. തുടർച്ചയായി പദ്ധതി വിഹിതം ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ അത് വരെയുള്ള കുടിശ്ശിക തുകയും പിഴ സംഖ്യയും അടച്ചു പദ്ധതിയിൽ തുടരാം. ഇ പി എഫ്, ഇ എസ് ഐ, ദേശീയ പെൻഷൻ പദ്ധതികളിൽ അംഗമായവർക്കും ഇൻകം ടാക്സ് ഒടുക്കുന്നവർക്കും ഈ പദ്ധതിയിൽ അംഗമാകാൻ സാധിക്കില്ല. കൂടുതൽ വിവരങ്ങൾക്കും 24 മണിക്കൂറും പ്രവർത്തിക്കുന്ന 1800 2676 888 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടാം. https: // labour. gov. in എന്ന വെബ് പോർട്ടൽ മുഖേനയോ ജങ ടഥങ എന്ന മൊബൈൽ ആപ്പ് മുഖേനയോ പരാതികൾ രജിസ്റ്റർ ചെയ്യാം.

# ചെറുകിട വ്യാപാരികൾക്ക് ദേശീയ പെൻഷൻ പദ്ധതി

ഒന്നര കോടിയിൽ താഴെ വാർഷിക വിറ്റുവരവുള്ള ചെറുകിട വ്യാപാരികൾക്കും കടയുടമകൾക്കും സ്വയംതൊഴിൽ സംരംഭകർക്കുമായി പങ്കാളിത്ത പെൻഷൻ പദ്ധതി ഒരുങ്ങുന്നു. അംഗങ്ങൾക്ക് 60 വയസ്സ് പൂർത്തിയാകുമ്പോൾ മാസം കുറഞ്ഞത് 3000 രൂപ പെൻഷൻ ലഭിക്കും. ഇതിൽ അംഗമാകുന്നവരുടെ പ്രതിമാസ വിഹിതം സ്വമേധയാ പദ്ധതിയിലേക്ക് വകമാറ്റപ്പെടുന്നതോടൊപ്പം ഈ വിഹിതത്തിന് തുല്യമായ തുക കേന്ദ്ര സർക്കാർ വിഹിതമായും അക്കൗണ്ടിലേക്ക് ലഭിക്കും. 18 നും 40 വയസ്സിനും ഇടയിൽ പ്രായമുള്ള കടയുടമകൾ, സ്വയംതൊഴിൽ സംരംഭകർ ഓയിൽ മിൽ, വർക്ക് ഷോപ്പ്, അരി മില്ല്, ചെറുകിട ഹോട്ടൽ റെസ്റ്റോറന്റ് ഉടമകൾ, കമ്മീഷൻ ഏജന്റുമാർ, റിയൽ എസ്റ്റേറ്റ് ബ്രോക്കർമാർ മറ്റ് ചെറുകിട വ്യാപാരികൾ എന്നിവർക്ക് ഈ ദേശീയ പെൻഷൻ പദ്ധതിയിൽ ചേരാം. ഈ കാലയളവിൽ പദ്ധതിയിൽ ചേർന്ന് 60 വയസ്സ് വരെ തുടർച്ചയായി ഗുണഭോക്തൃ വിഹിതം ഒടുക്കുന്നവർക്ക് മാത്രമേ 60 വയസ്സിനു ശേഷം പെൻഷനും ഗുണഭോക്താവ് മരണപ്പെട്ടാൽ പങ്കാളിക്ക് കുടുംബ പെൻഷനും ലഭിക്കൂ. ആധാർ കാർഡും സേവിങ്സ് ബാങ്ക് അല്ലെങ്കിൽ ജൻധൻ അക്കൗണ്ട് വിവരങ്ങളുമായി അക്ഷയ പോലുള്ള പൊതു ജന സേവന കേന്ദ്രങ്ങളെയോ https : //maandhan.in /vyapari എന്ന വെബ്സൈറ്റ് മുഖേനയോ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാം. സ്വയം സാക്ഷ്യപ്പെടുത്തിയ വിശദാംശങ്ങൾ നൽകണം. ഈ വിവരങ്ങൾ വെബ്സൈറ്റ് സംവിധാനം പരിശോധിച്ച് പ്രതിമാസം ഒടുക്കേണ്ട വിഹിതം എത്രയെന്ന് ഗുണഭോക്താവിനെ അറിയിക്കും. ആദ്യ ഗഡു പണമായി നൽകണം. രജിസ്റ്റർ ചെയ്താൽ ലഭിക്കുന്ന ഓട്ടോ ഡെബിറ്റ് മാൻഡേറ്റ്

ഫോറം സ്വയം സാക്ഷ്യപ്പെടുത്തി നൽകണം. ശ്രംയോഗി മാൻധൻ അക്കൗണ്ട് നമ്പറും പെൻഷൻ കാർഡും ലഭിച്ചാൽ തൊട്ടടുത്ത മാസം മുതൽ ഗുണഭോക്താവിന്റെ പദ്ധതി വിഹിതം ജൻ ധൻ അക്കൗണ്ടിക നിന്നും അടവാകും. തുടർച്ചയായി പദ്ധതി വിഹിതം ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നയാൾക്ക് അത് വരെയുള്ള കുടിശ്ശിക തുകയും അതിനുള്ള പിഴ സംഖ്യയും അടച്ച് പദ്ധതിയിൽ തുടരാം. സംഘടിത മേഖലയിലെ ഇ പി എഫ്, ഇ എസ് ഐ അംഗത്വമുള്ള വ്യാപാരികൾ, സർക്കാർ ധന സഹായത്തോടെ പെൻഷൻ പദ്ധതികളിൽ അംഗമായവർ, പ്രധാൻ മന്ത്രി ശ്രം യോഗി മാൻ ധൻ യോജനയിൽ അംഗമായവർ, ഇൻകം ടാക്സ ഒ ടുക്കുന്നവർ എന്നിവർക്ക് പദ്ധതിയിൽ അംഗമാകാൻ സാധിക്കില്ല. കൂടുതൽ വിവരങ്ങൾക്ക് 24 X 7 പ്രവർത്തിക്കുന്ന 1800 267 6888 എന്ന എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടാം.

## പ്രോജക്ട് ടെക്നീഷ്യൻ ഒഴിവ്

തൃശൂർ ഗവ. മെഡിക്കൽ കോളേജ് സൈക്ക്യാട്രി വിഭാഗത്തിൽ പ്രോജക്ട് ടെക്നീഷ്യൻ ഗ്രേഡ് രണ്ട് തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നു. ബിഎസ്സി നഴ്സിങ് ആണ് യോഗ്യത. സൈക്യാട്രിക് നഴ്സിങ്ങിലോ കമ്മ്യൂണിറ്റി ഹെൽത്ത് നഴ്സിങ്ങിലോ ഉള്ള പരിചയം അഭികാമ്യം. താൽപര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അസ്സലും പകർപ്പും സഹിതം ഡിസംബർ പത്ത് രാവിലെ 10 ന് അഭിമുഖത്തിന് എത്തണം. ഫോൺ: 0487 2200313, 2200318.

## കേരളോത്സവ ഗാനവുമായി ജില്ലാ പഞ്ചായത്ത് അംഗങ്ങൾ

ജില്ലാ കേരളോത്സവത്തിന് തൃശൂർ ജില്ലാ പഞ്ചായത്തിന്റെ കേരളോത്സവഗാനം. ഇന്ന് (ഡിസംബർ 7) ബാനർജി ക്ലബ്ബിലെ കലാ മത്സര ഉദ്ഘാടന വേദിയിലാണ് ഗാനം അവതരിപ്പിക്കുക. സംസ്ഥാനത്ത് ആദ്യമായി തൃശൂർ ജില്ലാ പഞ്ചായത്ത് കേരളോത്സവ ഗാനത്തിന് തുടക്കം കുറിക്കുന്നു എന്ന പ്രത്യേകതയും ഈ കേരളോത്സവത്തിനുണ്ട്. ബാബു കോടശ്ശേരി രചനയും സംഗീതവും നിർവഹിച്ച 'യുവതയുടെ കലയും കരുത്തും' എന്നുതുടങ്ങുന്ന ഗാനമാണ് കേരളോത്സവഗാനമായി ആലപിക്കുക. പശ്ചാത്തല സംഗീതം ഒരുക്കിയിരിക്കുന്നത് എക്സ്ട്രീം മീഡിയ സൊല്യൂഷൻസിലെ സജീവ് പി കെ ആണ്. 20 ഓളം വരുന്ന ജില്ലാ പഞ്ചായത്ത് പ്രതിനിധികളും വിവിധ വകുപ്പ് ഉദ്യോഗസ്ഥരുമാണ് ഗാനം അവതരിപ്പിക്കുക.

## അങ്കണവാടി കെട്ടിടത്തിന് തറക്കല്ലിട്ടു

വടുതല മുപ്പത്തിയേഴാം വാർഡിലെ 121 ആം നമ്പർ അങ്കണവാടിയുടെ പുതിയ കെട്ടിടത്തിന് കുന്നംകുളം നഗരസഭ ചെയർപേഴ്സൺ സീത രവീന്ദ്രൻ തറക്കല്ലിട്ടു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും 12 ലക്ഷം രൂപ ഉപയോഗിച്ചാണ് അങ്കണവാടി നിർമ്മിക്കുന്നത്. വൈസ് ചെയർമാൻ പിഎം സുരേഷ് അധ്യക്ഷത വഹിച്ചു. കൗൺസിലർമാരായ സുജീഷ്, അനിതാ സുകുമാരൻ, അങ്കണവാടി ടീച്ചർ സുലോചന എന്നിവർ പങ്കെടുത്തു.

## ദർഘാസ്

ചാലക്കുടി ശിശുവികസന പദ്ധതി പരിധിയിലുള്ള 91 അങ്കണവാടികളിൽ പ്രീ-സ്കൂൾ എഡ്യൂക്കേഷൻ കിറ്റ്, ആക്റ്റിവിറ്റി ബുക്ക്, അസസ്മെന്റ കാർഡ് പ്രീ-സ്കൂൾ സർട്ടിഫിക്കറ്റ് എന്നിവ വിതരണം ചെയ്യുന്നതിന് ദർഘാസ് ക്ഷണിച്ചു. ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 20 ഉച്ചയ്ക്ക് രണ്ട് മണി. ഫോൺ: 0480 2706044.

## നവീകരിച്ച ഭാഗ്യക്കുറി ഓഫീസ് ഉദ്ഘാടനം ഡിസം. 9 ന്

നവീകരിച്ച ഭാഗ്യക്കുറി-ക്ഷേമനിധി ഓഫീസുകളുടെ ഉദ്ഘാടനം ഡിസംബർ ഒൻപത് വൈകീട്ട് മൂന്നിന് നടക്കും. ഓഫീസുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി സിവിൽ സ്റ്റേഷന്റെ താഴത്തെ നിലയിലാണ് സജ്ജീകരിച്ചിട്ടുള്ളത്. ജില്ലാ ആസൂത്രണ ഭവന് എതിർവശത്തുള്ള നവീകരിച്ച ജില്ലാ ഭാഗ്യക്കുറി ഓഫീസിന്റെ കെട്ടിടം ജില്ലാ കളക്ടർ എസ് ഷാനവാസ് ഉദ്ഘാടനം ചെയ്യും. ജില്ലാ ക്ഷേമനിധി ഓഫീസ് ഉദ്ഘാടനം ക്ഷേമനിധി ബോർഡ് ചെയർമാൻ പി ആർ ജയപ്രകാശ് നിർവഹിക്കും.

### മുഖ്യമന്ത്രിയുടെ ഹരിത അവാർഡ് പ്രഖ്യാപിച്ചു

## പടിയൂർ ഗ്രാമപഞ്ചായത്തിനും പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിനും പൊന്നാനി മുനിസിപ്പാലിറ്റിക്കും തിരുവനന്തപുരം കോർപ്പറേഷനും ഒന്നാം സ്ഥാനം

ഹരിതകേരളം മിഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏർപ്പെടുത്തിയ മുഖ്യമന്ത്രിയുടെ ഹരിത അവാർഡ് പ്രഖ്യാപിച്ചു. കണ്ണൂർ ജില്ലയിലെ പടിയൂർ ഗ്രാമപഞ്ചായത്തും തൃശൂർ ജില്ലയിലെ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തും മലപ്പുറം ജില്ലയിലെ പൊന്നാനി മുനിസിപ്പാലിറ്റിക്കും തിരുവനന്തപുരം കോർപ്പറേഷനും ഒന്നാം സ്ഥാനം നേടി.

കൊല്ലം ജില്ലയിലെ പെരിനാട്, എറണാകുളം ജില്ലയിലെ ആമ്പല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ യഥാക്രമം സംസ്ഥാന തലത്തിൽ ഗ്രാമപഞ്ചായത്തുകൾക്കുള്ള രണ്ടാമത്തെയും മൂന്നാമത്തെയും സ്ഥാനം കരസ്ഥമാക്കി. ബ്ലോക്കു പഞ്ചായത്തുകളിൽ കണ്ണൂർ ജില്ലയിലെ പയ്യന്നൂരും തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാടും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. മുനിസിപ്പാലിറ്റികളിൽ കോഴിക്കോട് ജില്ലയിലെ വടകരയാണ് രണ്ടാം സ്ഥാനം, മൂന്നാം സ്ഥാനം കണ്ണൂർ ജില്ലയിലെ ആന്തൂർ, തൃശൂർ ജില്ലയിലെ കുന്ദംകുളം എന്നിവർ പങ്കിട്ടു.

ജില്ലാതലത്തിൽ ഹരിത അവാർഡുകൾ നേടിയ ഗ്രാമപഞ്ചായത്തുകൾ ഇനി പറയുന്നു. തിരുവനന്തപുരം - ചെങ്കൽ, കൊല്ലം - കുലശേഖരപുരം, പത്തനംതിട്ട - ഇരവിപേരൂർ, ആലപ്പുഴ - ആര്യാട്, കോട്ടയം - കൂരോപ്പട, ഇടുക്കി - കുമളി, എറണാകുളം - രായമംഗലം, തൃശൂർ - പഴയന്നൂർ, പാലക്കാട് - അകത്തേത്തറ, മലപ്പുറം - മാറഞ്ചേരി, കോഴിക്കോട് - ചേമഞ്ചേരി, വയനാട് - മീനങ്ങാടി, കണ്ണൂർ - ചെറുതാഴം, കാസർഗോഡ് - ബേഡഡുക്ക.

തിരുവനന്തപുരത്ത് ഗവ. ഗസ്റ്റ് ഹൗസിൽ നടന്ന പത്രസമ്മേളനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ. സി. മൊയ്തീനാണ് അവാർഡ് പ്രഖ്യാപിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടന്ന പ്രവർത്തനങ്ങളിലെല്ലാം ശ്രദ്ധേയമായ ജനപങ്കാളിത്തമാണ് ഉണ്ടായതെന്ന് പുരസ്കാരം പ്രഖ്യാപിച്ച മന്ത്രി അഭിപ്രായപ്പെട്ടു. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ.സീമ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

പ്രാഥമിക റൗണ്ടിനുശേഷം 69 ഗ്രാമപഞ്ചായത്തുകളും 17 ബ്ലോക്ക് പഞ്ചായത്തുകളും 23 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളുമാണ് അവസാന റൗണ്ടിൽമികവ് തെളിയിക്കാൻ എത്തിയത്. സ്വന്തം പ്രദേശത്തെ മാലിന്യമുക്തമാക്കുന്നതിലും ജലസ്രോതസ്സുകൾ സംരക്ഷിക്കുന്ന തിലും കാർഷികമേഖല സമ്പുഷ്ടമാക്കുന്നതിലും മികച്ച പ്രവർത്തനങ്ങളാണ് ഈ സ്ഥാപനങ്ങൾ കാഴ്ചവച്ചതെന്ന് ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ പറഞ്ഞു.

പ്രൊഫ.പി.കെ. രവീന്ദ്രൻ, പ്രൊഫ. ഇ. കുഞ്ഞിക്കൃഷ്ണൻ, ഡോ. സി. ഭാസ്ക്കരൻ, വി.എൻ. ജിതേന്ദ്രൻ, ശ്രീലേഖ കെ. എന്നിവർ ചേർന്ന സമിതിയാണ് അവാർഡ് നിർണ്ണയം നടത്തിയത്. സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം നേടിയവർക്ക് ഫലകവും സാക്ഷ്യപത്രവും പത്തുലക്ഷം രൂപയും നൽകും. രണ്ടാം സ്ഥാനം നേടിയവർക്ക് ഫലകവും സാക്ഷ്യപത്രവും ഏഴുലക്ഷം രൂപയും നൽകും. മൂന്നാം സ്ഥാനം നേടിയവർക്ക് ഫലകവും സാക്ഷ്യപത്രവും അഞ്ചുലക്ഷം രൂപയും നൽകും. ജില്ലാ തലത്തിൽ സ്ഥാനം നേടിയവർക്ക് ഫലകവും സാക്ഷ്യപത്രവും മൂന്നുലക്ഷം രൂപയും നൽകും. ഹരിതകേരളം മിഷൻ അടുത്ത മാസം സംഘടിപ്പിക്കുന്ന ശുചിത്വമികവ് സംഗമത്തിൽ അവാർഡ് വിതരണം ചെയ്യും.

## പ്രൊബേഷൻ വാരാചരണം സമാപനം

പ്രൊബേഷൻ വാരാചരണത്തിന്റെ സമാപന സമ്മേളനവും അതോടനുബന്ധിച്ച് നടത്തിയ സെമിനാറുകളും ജില്ലാ കളക്ടർ എസ് ഷാനവാസ് ഉദ്ഘാടനം ചെയ്തു. കളക്ടറുടെ ചേംബറിൽ

നടന്ന യോഗത്തിൽ വിയ്യൂർ സെൻട്രൽ ജയിൽ വെൽഫെയർ ഓഫീസർ സാജി സൈമൺ അധ്യക്ഷത വഹിച്ചു. ഇൻസ്റ്റിറ്റിയൂഷൻ ബേസ്ഡ് കറക്ഷൻ വേർസസ് കമ്മ്യൂണിറ്റി ബേസ്ഡ് കറക്ഷൻ എന്ന വിഷയത്തിൽ കോളേജ് വിദ്യാർത്ഥികൾക്കായി ഡിബേറ്റ് നടത്തി. കറക്ഷണൽ അഡ്മിനിസ്ട്രേഷൻ എന്ന വിഷയത്തിൽ തൃശൂർ പോലീസ് അക്കാദമി ക്രിമിനോളജിസ്റ് ഡോ. ജയേഷ് ജോസഫ് ക്ലാസെടുത്തു. പ്രൊബേഷൻ നിയമവും, പ്രൊബേഷൻ ഓഫീസ് സേവനങ്ങളും എന്ന വിഷയത്തിൽ ജില്ലാ പ്രൊബേഷൻ ഓഫീസർ രാഗപ്രിയ കെ ജി ക്ലാസെടുത്തു. രാമവർമപുരം പോലീസ് അക്കാദമിയിലെ എം എസ് സി ഫോറൻസിക് സയൻസ് വിഭാഗം, സെന്റ് തോമസ് കോളേജ് ക്രിമിനോളജി ആൻഡ് പോലീസ് സയൻസ് വിഭാഗം, എം എസ് ഡബ്ല്യൂ വിഭാഗം വിദ്യാർത്ഥികൾ ഡിബേറ്റിന്റെ ഭാഗമായി. വനിതാ സെൽ സി ഐ ദേവി എം, പ്രൊബേഷൻ ഉപദേശക സമിതി മെമ്പർ മീര ടി ആർ. സെന്റ് തോമസ് കോളേജ് എം എസ് ഡബ്ല്യൂ വകുപ്പ് മേധാവി ജിജോ കുരുവിള, ജില്ലാ പ്രൊബേഷൻ ഓഫീസർ റോഷിനി ആർ തുടങ്ങിയവർ പങ്കെടുത്തു. ഡിബേറ്റിൽ വിജയികളായവർക്ക് സമ്മാനം നൽകി.

***അടിക്കുറിപ്പ്: പ്രൊബേഷൻ വാരാചരണത്തിന്റെ സമാപന സമ്മേളനം ജില്ലാ കളക്ടർ എസ് ഷാനവാസ് ഉദ്ഘാടനം ചെയ്തു.***

## റോഡുകളുടെ നിർമാണ പുരോഗതി മന്ത്രി വിലയിരുത്തി

അക്കിക്കാവ്-പഴഞ്ഞി-കടവല്ലൂർ റോഡുകളുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ ഉടൻ പൂർത്തിയാക്കുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി എ സി മൊയ്തീൻ. കിഫ്ബിയിൽ നിന്നും 12 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന അക്കിക്കാവ് - പഴഞ്ഞി - കടവല്ലൂർ റോഡുകളുടെ നിർമ്മാണ പ്രവർത്തികൾ നേരിട്ടെത്തി വിലയിരുത്തുകയായിരുന്നു മന്ത്രി. വീതി കൂട്ടുന്നതിന്റെ ഭാഗമായി ഏറ്റെടുത്ത സ്ഥലം കൃത്യമായി മാർക്ക് ചെയ്യാൻ വില്ലേജ് ഓഫീസർക്ക് മന്ത്രി നിർദ്ദേശം നൽകി. കാന നിർമ്മാണവും കൾവെർട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് പ്രകാരമുള്ള പണികൾ മാത്രമാണ് ഇപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂവെന്നും മന്ത്രി അറിയിച്ചു. റോഡിൽ പലയിടങ്ങളിലും കൂട്ടിയിട്ടിരിക്കുന്ന പോസ്റ്റുകളും റോഡ് നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന വസ്തുക്കളും മുറിച്ചുനീക്കാനുമുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കണമെന്നും ബന്ധപ്പെട്ട അധികാരികൾക്ക് മന്ത്രി നിർദ്ദേശം നൽകി.

അയിനൂർ കടവല്ലൂർ റോഡ് നിർമ്മാണത്തിന്റെ ഭാഗമായി അയിനൂർ പാടം റോഡ് ഉയർത്തുന്ന പ്രവർത്തിയുടെ പുരോഗതിയും മന്ത്രി വിലയിരുത്തി. അക്കിക്കാവ് മുതൽ അയിനൂർ വരെയുള്ള കൾവർട്ടുകളുടേയും കാലുകളുടെയും നിർമാണം ഏകദേശം പൂർത്തിയായിക്കഴിഞ്ഞതായും കരാറുകാരൻ മന്ത്രിയെ അറിയിച്ചു. കടവല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് യു പി ശോഭന, കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി കെ സദാനന്ദൻ, പഞ്ചായത്തംഗങ്ങൾ, പിഡബ്ല്യുഡി ഉദ്യോഗസ്ഥർ, വില്ലേജ് ഓഫീസ് ഉദ്യോഗസ്ഥർ എന്നിവരും മന്ത്രിക്കൊപ്പമുണ്ടായിരുന്നു.

## ജില്ലാ കേരളോത്സവം സ്റ്റേജിതര മത്സര ഫലപ്രഖ്യാപനം

ജില്ലാ കേരളോത്സവം 2019 ന്റെ ഭാഗമായി നടത്തിയ സ്റ്റേജിതര മത്സരങ്ങളുടെ വിജയികളെ പ്രഖ്യാപിച്ചു. കഥാരചനയിൽ അന്തിക്കാട് ബ്ലോക്കിലെ അഖിൽ കെ എസ് ഒന്നാം സ്ഥാനവും, വടക്കാഞ്ചേരി ബ്ലോക്കിലെ മഞ്ജു കെ എം രണ്ടാം സ്ഥാനവും ഗുരുവായൂർ ബ്ലോക്കിലെ ഷീന, ഇരിഞ്ഞാലക്കുട ബ്ലോക്കിലെ ഹെന്റി സണ്ണി എന്നിവർ മൂന്നാം സ്ഥാനവും നേടി. കവിത രചനയിൽ അന്തിക്കാട് ബ്ലോക്കിലെ മീനുലക്ഷ്മി വിശ്വനാഥൻ ഒന്നാം സ്ഥാനം നേടിയപ്പോൾ ചേർപ്പ് ബ്ലോക്കിലെ സ്രുമിൽ രണ്ടാം സ്ഥാനം, മതിലകം ബ്ലോക്കിലെ ഫെമിന സി എൻ മൂന്നാം സ്ഥാനവും നേടി. ഉപന്യാസ മത്സരത്തിൽ ജിഷ ജെയ്സൺ പുഴയ്ക്കൽ ബ്ലോക്ക് ഒന്നാം സ്ഥാനവും, മാളവിക എസ് കുറുപ്പ് ഗുരുവായൂർ മുനിസിപ്പാലിറ്റി രണ്ടാം സ്ഥാനവും, സന്ദീപ് കൊടകര ബ്ലോക്ക്, നിതീഷ എസ് കുമാർ മുല്ലശ്ശേരി ബ്ലോക്ക് എന്നിവർ മൂന്നാം സ്ഥാനവും നേടി. ഹിന്ദി പ്രസംഗ മത്സരത്തിൽ സ്റ്റെഫി അക്കര പുഴയ്ക്കൽ ബ്ലോക്ക് ഒന്നാം സ്ഥാനത്തും, ക്രിസ്റ്റഫർ എം എസ് ചൊവ്വന്നൂർ ബ്ലോക്ക് രണ്ടാം സ്ഥാനത്തും, നീന ആൻ മാത്യു ചാലക്കുടി ബ്ലോക്ക്

മൂന്നാം സ്ഥാനത്തും എത്തി. മലയാളം പ്രസംഗ മത്സരത്തിൽ വിനീത് ഇ എം ചൊവ്വന്നൂർ ബ്ലോക്ക് ഒന്നാം സ്ഥാനവും, ജസ്റ്റിൻ പി ജി ചേർപ്പ് ബ്ലോക്ക് രണ്ടാം സ്ഥാനവും, ശ്രീജിൽ എ എസ് തളിക്കുളം ബ്ലോക്ക്, അജിത് ടോമി ചാലക്കുടി മുനിസിപ്പാലിറ്റി, ശ്രീകൃഷ്ണൻ നമ്പൂതിരി ഇരിങ്ങാലക്കുട ബ്ലോക്ക് എന്നിവർ മൂന്നാം സ്ഥാനത്തും എത്തി. ചിത്ര രചന മത്സരത്തിൽ തളിക്കുളം ബ്ലോക്കിലെ ഗോപിക നന്ദൻ ഒന്നാം സ്ഥാനവും, ഒല്ലൂക്കര ബ്ലോക്കിലെ ലക്ഷ്മി രണ്ടാം സ്ഥാനവും, പുഴയ്ക്കൽ ബ്ലോക്കിലെ അക്ഷയ് കുമാർ മൂന്നാം സ്ഥാനവും നേടി. കാർട്ടൂൺ മത്സര ഫലം പ്രഖ്യാപിച്ചപ്പോൾ ജിതേഷ് എൻ ജി വെള്ളാങ്ങല്ലൂർ ബ്ലോക്ക്, ജിനിൽ ചൊവ്വന്നൂർ ബ്ലോക്ക്, ശ്രുതി ലക്ഷ്മി മതിലകം ബ്ലോക്ക് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളിൽ എത്തി. ഇതോടെ കേരളോത്സവം 2019 ലെ സ്റ്റേജിതര മത്സരങ്ങൾ പൂർത്തിയായി.